**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2867** **25-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എഫ്.എ.ഓ സമർപ്പിച്ച ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർനടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കഴിഞ്ഞ ഒരു വർഷക്കാലമായി ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ സമർപ്പിച്ച എത്ര ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസിൽ നിന്നും സമർപ്പിച്ച 22 റിപ്പോർട്ടുകളിന്മേലും കൃത്യമായി നടപടി സ്വീകരിച്ചിട്ടുള്ളതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| (ബി) | എഫ്.എ.ഓ യുടെ ഓഡിറ്റ് റിപ്പോർട്ടിൽ ഒരു ലക്ഷം രൂപയിൽ കൂടുതൽ ക്രമക്കേട് ഉള്ളവരുടെ പേരിൽ ക്രിമിനൽ കേസ് എടുക്കണമെന്ന ബോർഡ് ഉത്തരവ് പ്രകാരം എത്ര ജീവനക്കാരുടെ പേരിൽ ക്രിമിനൽ കേസ് എടുത്തിട്ടുണ്ടെന്നറിയിക്കാമോ; | (ബി) | ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസറുടെ ഓരോ ഓഡിറ്റ് റിപ്പോർട്ടുകൾക്കും വ്യത്യസ്തമായ സ്വഭാവമാണുള്ളത്. ആയത് അനുസരിച്ച് കൃത്യമായി ചുമതല തുക തിരികെ അടപ്പിക്കുകയും ക്രമിനൽ കേസ് ഉൾപ്പെടെയുള്ള നടപടികൾ ആവശ്യമുള്ള പക്ഷം കൃത്യമായി നടത്തിവരുന്നതുമാണെന്ന് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| (സി) | വടക്കൻ പറവൂർ പാട്ടുപുരക്കാവ് ദേവസ്വത്തിൽ ലക്ഷങ്ങൾ അപഹരിച്ച സബ് ഗ്രൂപ്പ് ഓഫീസറെ സസ്പെൻഡ് ചെയ്യാനുള്ള ബോർഡ് ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | പണാപഹരണം നടത്തിയതായി കണ്ടെത്തിയ വടക്കൻ പറവൂർ പാട്ടുപുരക്കാവ് ദേവസ്വത്തിലെ സബ് ഗ്രൂപ്പ് ഓഫീസർക്കെതിരെ സസ്പെഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. തുടർന്ന് ടിയാനെതിരെ അച്ചടക്കനടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി ടിയാന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ നോട്ടീസ് നൽകുകയും നോട്ടീസിന് ലഭ്യമായ മറുപടി പരിശോധിച്ച് തുടർനടപടി സ്വീകരിച്ചുവരികയുമാണെന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ